**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 102** | **18-01-2021 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി തൊഴിലാളികൾക്ക് ഇ.എസ്.ഐ. പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി പി. അയിഷാ പോറ്റി,<br>ശ്രീ. സജി ചെറിയാൻ,<br>ശ്രീമതി വീണാ ജോർജ്ജ് ,<br>ശ്രീ . എം . മുകേഷ്** | | **Smt. J. Mercykutty Amma<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എല്ലാ കശുവണ്ടി തൊഴിലാളികൾക്കും ഇ.എസ്.ഐ. പരിരക്ഷ ഉറപ്പാക്കുന്നതിനും കുറഞ്ഞ തൊഴിൽ ദിനം ഇരുന്നൂറ് ആക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | തൊഴിലാളികളുടെ ഇ.എസ്.ഐ വിഹിതം കൃത്യമായി അടയ്ക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ഇ.എസ്.ഐ ഉദ്യോഗസ്ഥരടങ്ങുന്ന സ്ക്വാഡ് പരിശോധനകൾ നടത്താറുണ്ട്. കുറഞ്ഞത് 200 തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കണമെന്ന ഉദ്ദേശ്യത്തോടെ പൂട്ടിക്കിടന്നിരുന്ന കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള 40 ഫാക്ടറികളും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തുറന്നു പ്രവർത്തിപ്പിച്ചു. വ്യവസായാവശ്യത്തിനായി ഗുണമേൻമയുള്ള തോട്ടണ്ടി ന്യായമായ വിലയ്ക്ക് ഇടനിലക്കാരില്ലാതെ ലഭ്യമാക്കുന്നതിനായി സർക്കാർ കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ച് കമ്പനിയുടെ നേതൃത്വത്തിൽ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്തു വരുന്നു. കാഷ്യൂബോർഡ് ഇതുവരെ 28274 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് പൊതുമേഖലാ ഫാക്ടറികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കേരളത്തിൽ നിന്നും ആഭ്യന്തരമായി ഇതിനകം ആകെ 13179 മെട്രിക് ടൺ തോട്ടണ്ടിയും കാപ്പക്സും കശുവണ്ടി വികസന കോർപ്പറേഷനും ശേഖരിച്ചിട്ടുണ്ട്. കേരളത്തിലെ വിവിധ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽ നിന്നും സഹകരണ സംഘങ്ങൾ മുഖേനയും തോട്ടണ്ടി സംഭരിച്ചു വരുന്നു. കടക്കെണി മൂലം പൂട്ടിക്കിടന്നിരുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി ബഹു.മുഖ്യമന്ത്രിയും കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയും വ്യവസായികളേയും ബാങ്കുകളേയും മറ്റു ബന്ധപ്പെട്ടവരേയും പങ്കെടുപ്പിച്ച് എട്ടുയോഗങ്ങൾ |

| | | | |
|---|---|---|---|
| | | | ചേർന്നു. 2019 ൽ അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറക്കുന്നതിന് ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചു. പലിശയും പിഴപ്പലിശയും ഒഴിവാക്കി വായ്പകൾ പുനഃക്രമീകരിക്കണമെന്നും അധിക വായ്പ അനുവദിക്കുകയാണെങ്കിൽ തൊഴിലാളികളുടെ തൊഴിൽ ഉറപ്പ് വരുത്തുന്നതിനായി 9 ശതമാനം നിരക്കിൽ വായ്പയുടെ പലിശ സർക്കാർ നൽകുമെന്നും പാക്കേജിൽ വ്യവസ്ഥ ചെയ്തു. പുനരുദ്ധാരണ പാക്കേജ് പ്രകാരം 79 യൂണിറ്റുകൾക്ക് അധിക വായ്പ നൽകി. ഇതിൽ 70 യൂണിറ്റുകൾക്കായി പലിശയിനത്തിൽ 2019-20 ൽ 3.04 കോടി രൂപ സർക്കാർ അനുവദിച്ചു. തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനായി 2020-21 ലും പലിശ സബ്സിഡി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ തൊഴിലാളികളുടെ നിയമപരമായ എല്ലാ ആനുകൂല്യങ്ങളും നൽകി വ്യവസായം നടത്തി വരുന്ന വ്യവസായികൾക്ക് ഒരു നിശ്ചിത ശതമാനം പലിശ സബ്സിഡി നൽകുന്ന കാര്യവും സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്ക് മതിയായ ഹാജർ ഇല്ലെന്ന കാരണത്താൽ ഇ.പി.എഫ്. പെൻഷൻ നിഷേധിച്ച കേന്ദ്രസർക്കാർ നിലപാടിനെതിരെ എന്തെല്ലാം ഇടപെടലുകളാണ് ഈ സർക്കാർ നടത്തിയതെന്ന് വ്യക്തമാക്കാമോ; | (ബി) | (ബി) & (സി) പി.എഫ് പെൻഷൻ ലഭിക്കുന്നതിന് ഒരു തൊഴിലാളിക്ക് 10 വർഷത്തെ ഇ.പി.എഫ് കോൺട്രിബ്യൂട്ടറി യോഗ്യതാ സർവ്വീസ് ഉണ്ടായിരിക്കണം എന്നാൽ കശുവണ്ടി വ്യവസായത്തിൽ ജോലി ചെയ്യുന്ന ദിവസവേതനക്കാരായ തൊഴിലാളികൾക്ക് വർഷം മുഴുവനും ജോലി ലഭിക്കാത്തതിനാൽ 10 വർഷത്തെ ഇ.പി.എഫ് കോൺട്രിബ്യൂട്ടറി സർവ്വീസ് ലഭിക്കാത്ത സാഹചര്യമാണ് നിലവിലുണ്ടായിരുന്നത്. ഇക്കാരണത്താൽ തന്നെ ഇ.പി.എഫ് പെൻഷന് 10 വർഷത്തെ സർവ്വീസ് ഉണ്ടെങ്കിലും ഇ.പി.എഫ് പെൻഷൻ ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇ.പി.എഫ് പെൻഷൻ കശുവണ്ടി വ്യവസായത്തിലെ തൊഴിലാളികൾക്ക് നിഷേധിക്കപ്പെടുന്നത് സംബന്ധിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും, ടി വിഷയം കേരള സർക്കാർ കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും പാലർമെന്റിന്റെ ശീതകാല സമ്മേളനത്തിലും ടി വിഷയം ഉന്നയിച്ചിട്ടുള്ളതുമാണ്.സംസ്ഥാന സർക്കാരിന്റെ ഇടപെടലിലൂടെ നിലവിൽ ഇ.പി.എഫ് അധികൃതർ ഒരു വർഷം 365 പ്രവർത്തി ദിവസങ്ങളുടെ കോൺട്രിബ്യൂഷൻ അടിസ്ഥാനപ്പെടുത്തിയുള്ള 3650 ദിവസം എന്നതിൽ നിന്ന് കശുവണ്ടി വ്യവസായത്തിലെ ദിവസവേതന തൊഴിലാളികളെ ഒഴിവാക്കിയിട്ടുള്ളതാണ്. ഇ.പി.എഫ് ആക്ട് അനുസരിച്ച് കശുവണ്ടി ഫാക്ടറികളെ സീസണൽ |

| | | | |
|---|---|---|---|
| | | | വ്യവസായമായി ഡിഫൈൻ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി വ്യവസായത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ 10 വർഷം കോൺട്രിബ്യൂഷൻ സർവ്വീസ് ഇല്ലെങ്കിലും 10 വർഷം സർവ്വീസ് പൂർത്തിയാക്കിയാൽ പെൻഷന് അർഹതയുണ്ടെന്ന് ഇ.പി.എഫ് അധികൃതർ അറിയിച്ചിട്ടുണ്ട്. എന്നാൽ കശുവണ്ടി തൊഴിലാളികൾക്ക് പ്രയോജനം കിട്ടണമെങ്കിൽ പെൻഷൻ വ്യവസ്ഥകളിൽ ഇനിയും മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. |
| (സി) | സംസ്ഥാന സർക്കാരിന്റെ ഫലപ്രദമായ ഇടപെടലിനെ തുടർന്ന് ഇ.പി.എഫ്. പെൻഷന് 3650 ദിവസങ്ങൾ ആവശ്യമാണെന്ന വ്യവസ്ഥയ്ക്ക് കേന്ദ്രസർക്കാർ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | (ബി) & (സി) പി.എഫ് പെൻഷൻ ലഭിക്കുന്നതിന് ഒരു തൊഴിലാളിക്ക് 10 വർഷത്തെ ഇ.പി.എഫ് കോൺട്രിബ്യൂട്ടറി യോഗ്യതാ സർവ്വീസ് ഉണ്ടായിരിക്കണം എന്നാൽ കശുവണ്ടി വ്യവസായത്തിൽ ജോലി ചെയ്യുന്ന ദിവസവേതനക്കാരായ തൊഴിലാളികൾക്ക് വർഷം മുഴുവനും ജോലി ലഭിക്കാത്തതിനാൽ 10 വർഷത്തെ ഇ.പി.എഫ് കോൺട്രിബ്യൂട്ടറി സർവ്വീസ് ലഭിക്കാത്ത സാഹചര്യമാണ് നിലവിലുണ്ടായിരുന്നത്. ഇക്കാരണത്താൽ തന്നെ ഇ.പി.എഫ് പെൻഷന് 10 വർഷത്തെ സർവ്വീസ് ഉണ്ടെങ്കിലും ഇ.പി.എഫ് പെൻഷൻ ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇ.പി.എഫ് പെൻഷൻ കശുവണ്ടി വ്യവസായത്തിലെ തൊഴിലാളികൾക്ക് നിഷേധിക്കപ്പെടുന്നത് സംബന്ധിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും, ടി വിഷയം കേരള സർക്കാർ കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും പാലർമെന്റിന്റെ ശീതകാല സമ്മേളനത്തിലും ടി വിഷയം ഉന്നയിച്ചിട്ടുള്ളതുമാണ്.സംസ്ഥാന സർക്കാരിന്റെ ഇടപെടലിലൂടെ നിലവിൽ ഇ.പി.എഫ് അധികൃതർ ഒരു വർഷം 365 പ്രവർത്തി ദിവസങ്ങളുടെ കോൺട്രിബ്യൂഷൻ അടിസ്ഥാനപ്പെടുത്തിയുള്ള 3650 ദിവസം എന്നതിൽ നിന്ന് കശുവണ്ടി വ്യവസായത്തിലെ ദിവസവേതന തൊഴിലാളികളെ ഒഴിവാക്കിയിട്ടുള്ളതാണ്. ഇ.പി.എഫ് ആക്ട് അനുസരിച്ച് കശുവണ്ടി ഫാക്ടറികളെ സീസണൽ വ്യവസായമായി ഡിഫൈൻ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി വ്യവസായത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ 10 വർഷം കോൺട്രിബ്യൂഷൻ സർവ്വീസ് ഇല്ലെങ്കിലും 10 വർഷം സർവ്വീസ് പൂർത്തിയാക്കിയാൽ പെൻഷന് അർഹതയുണ്ടെന്ന് ഇ.പി.എഫ് അധികൃതർ അറിയിച്ചിട്ടുണ്ട്. എന്നാൽ കശുവണ്ടി തൊഴിലാളികൾക്ക് പ്രയോജനം കിട്ടണമെങ്കിൽ |

| | | | |
|---|---|---|---|
| | | | പെൻഷൻ വ്യവസ്ഥകളിൽ ഇനിയും മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ